"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം -എക്സൈസ് വകുപ്പിൽ എക്സൈസ് ഡ്രൈവറായി ജോലി നോക്കിവരവേ മരണപ്പെട്ട സുനിൽ കെ പി -യുടെ സഹോദരൻ ശ്രീ സുമേഷ് കെ പി-യ്ക്ക് സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.78/2024/TAXES തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-

1. 24.05.1999 -ലെ സ.ഉ(പി) നം.12/99/പി&എ.ആർ.ഡി
2. ശ്രീ സുമേഷ് കെ പി 16/07/2020, 08/04/2022 തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ.
3. എക്സൈസ് കമ്മീഷണറുടെ 07/10/2020, 10/03/2021, 14/11/2021, 30/05/2022 തീയതികളിലെ ഇ.എക്സ്.സി/2820/2020/എക്സ്.എം7 നമ്പർ കത്തുകൾ.
4. കണ്ണൂർ ജില്ലാ കളക്ടറുടെ 14/01/2024-ലെ ഡിസികെഎൻആർ/1109/2022-എ5 നമ്പർ കത്ത്
5. പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിന്റെ 25/11/2024-ലെ എസ്.ഡി.2/416/2024-പൊ.ഭ.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിൽ എക്സൈസ് ഡ്രൈവറായി ജോലി നോക്കിവരവേ 18/06/2020ന് കോവിഡ് -19 ബാധിച്ച് മരണപ്പെട്ട സുനിൽ കെ പി -യുടെ സഹോദരൻ ശ്രീ സുമേഷ് കെ പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (2)-ലെ 16/07/2020-ൽ സമർപ്പിച്ച അപേക്ഷ എക്സൈസ് കമ്മീഷണർ പരാമർശം (3) -ലെ 07/10/2020-ലെ കത്ത് പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ ശ്രീ സുമേഷ് കെ പി ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് വിദ്യാഭ്യാസ യോഗ്യത നാലാം ക്ലാസ് എന്നാണ് . എന്നാൽ ഓഫീസ് അറ്റൻഡൻറ് തസ്തികയുടെ യോഗ്യത ഏഴാം ക്ലാസ് ആണ്. കൂടാതെ ടിയാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ Legal Heirship Certificate ന് പകരം Family member Certificate ആണ് സമർപ്പിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ അപേക്ഷകന് ഓഫീസ്

അറ്റൻഡൻറ് തസ്തികയിലേക്ക അപേക്ഷിക്കാനുള്ള വിദ്യാഭ്യാസ യോഗ്യതയുണ്ടോ എന്നും അതോടൊപ്പം ടിയാന്റെ Legal Heirship Certificate ഹാജരാക്കാനും എക്സൈസ് കമ്മീഷ്ണർക്ക നിർദ്ദേശം നൽകുകയും അതിൻപ്രകാരം എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ സുമേഷ് കെ പി -ക്ക് അറ്റൻഡൻറ് തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഇല്ലായെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.കൂടാതെ സുനിൽ കെ പി -യുടെ Legal Heirship Certificate -ഉം എക്സൈസ് കമ്മീഷണർ സമർപ്പിച്ചിരിക്കുന്നു. ആയത് പരിശോധിച്ചതിൽ ടിയാന്റെ അനന്തരവകാശി ടിയാന്റെ മാതാവ് ശ്രീമതി സുലോചന കെ പി മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.മരണപ്പെട്ട സുനിൽ കെ പി -യുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ജോലി ടിയാന്റെ സഹോദരൻ ശ്രീ സുമേഷ് കെ പി -ക്ക് നൽകുന്നതിനുള്ള സമ്മതപത്രം ശ്രീമതി സുലോചന കെ പി സമർപ്പിച്ചിരിക്കുന്നത് എക്സൈസ് കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു.

2) ഈ സാഹചര്യത്തിൽ ശ്രീ സുമേഷ് കെ പി ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പ് 18.11.1999 തീയതിയിൽ പുറപ്പെടുവിച്ച G.O.(P)No.24/99/ P&ARD നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട unmarried employee-യുടെ unmarried sister/unmarried brother-നെ ആശ്രിതനിയമനത്തിന് പരിഗണിക്കാവുന്നതാണെന്ന് പ്രതിപാദിച്ചിട്ടുള്ളതിനാൽ ആശ്രിത നിയമനത്തിനായുള്ള ശ്രീ. സുമേഷ്.കെ.പി.യുടെ അപേക്ഷ പരിഗണിച്ച് ടിയാന് പാർട്ട് ടൈം കണ്ടിജൻറ് തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിന്റെ ഭാഗമായി കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

3) 22/11/2019-ൽ സർവ്വീസിൽ പ്രവേശിച്ച സുനിൽ കെ പി18/06/2020 ൽ മരണപ്പെട്ടു. സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് 6 മാസത്തേയും 28 ദിവസത്തേയും സേവന ദൈർഘ്യം എക്സൈസ് വകുപ്പിലുണ്ട്. മരണപ്പെട്ട സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരുംതന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് കണ്ണൂർ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇരിട്ടി തഹസീൽദാർ നൽകിയിട്ടുള്ള റിപ്പോർട്ട് പ്രകാരം ശ്രീമതി.സുലോചന കെ പി മാത്രമാണ് സുനിൽ കെ പി -യുടെ നിയമാനുസരണമുള്ള അനന്തരാവകാശിയെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾ ശ്രീ സുമേഷ് കെ പി-ക്ക് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. ശ്രീ സുമേഷ് കെ പി -യുടെ ജനനതീയതി 30/05/1990 ആണ്. സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അപേക്ഷകന് 32 വയസ്സ് പൂർത്തിയാക്കിയിട്ടുണ്ട്. കുടുംബത്തിന്റെ വാർഷിക വരുമാനം 60000/- രൂപയാണ്. ആയത് സമാശ്വാസ തൊഴിൽ ദാനപദ്ധതിയുടെ വരുമാന പരിധിയിലാണ്. ശ്രീ സുമേഷ് കെ പി മരണപ്പെട്ട സുനിൽ കെ പി-യുടെ ആശ്രിതനായിരുന്നുവെന്ന് ഇരിട്ടി തഹസീൽദാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കേറ്റ് അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതാണ്. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം തന്നെ ഈ അപേക്ഷയിൽ പാലിച്ചിട്ടുണ്ട്. ടി അപേക്ഷ എക്സൈസ് കമ്മീഷണറും കണ്ണൂർ ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുമുണ്ട്.

4) ശ്രീ സുമേഷ് കെ പി 7 -ാം ക്ലാസ് തത്തുല്യ പരീക്ഷ പാസായിട്ടുള്ളതിനാൽ

ടിയാന് ആശ്രിത നിയമന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി അപ്പെൻഡിക്സ് -A, 7 -ആം ക്ലാസ് തത്തുല്ല്യ പരീക്ഷ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം ടിയാൻ പരാമർശം (2)-ലെ 08/04/2022-ൽ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും തുടർ നടപടികൾക്കായി എക്സൈസ് കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ശ്രീ സുമേഷ് കെ പി 7 -ാം ക്ലാസ് തത്തുല്ല്യ പരീക്ഷ പാസ്സായിട്ടുള്ളതിനാൽ സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് വിദ്യാഭ്യാസപരമായി യോഗ്യനാണ്. ആയതിനാൽ എക്സൈസ് വകുപ്പിൽ എക്സൈസ് ഡ്രൈവറായി ജോലി നോക്കിവരവേ 16/06/2020-ന് കോവിഡ് -19 ബാധിച്ച് മരണപ്പെട്ട സുനിൽ കെ പി -യുടെ സഹോദരൻ ശ്രീ സുമേഷ് കെ പി ആശ്രിതനിയമന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ നിയമനം നൽകുവാൻ ഉത്തരവാകുകയും ടിയാന് സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകുന്നതിനായി ഒഴിവുകൾ അറിയിക്കുവാൻ പൊതുഭരണ (CE -cell) വകുപ്പിനോട് (നിലവിൽ പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ്) അഭ്യർത്ഥിക്കുകയും അതിൻപ്രകാരം ടി വകുപ്പ് പരാമർശം (5) പ്രകാരം ലഭ്യമാക്കിയ കത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകളിൽ ഒന്നിൽ ശ്രീ സുമേഷ് കെ പി -യ്ക്ക് നിയമനം നൽകാവുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.ശ്രീ സുമേഷ് കെ പി കണ്ണൂർ ജില്ലയിലാണ് നിയമനം ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഒഴിവുകളുള്ളത് ഏത് ജില്ലയിലാണെന്ന് പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ് വ്യക്തമാക്കിയിട്ടില്ല.

5) മേൽ സാഹചര്യത്തിൽ എക്സൈസ് വകുപ്പിൽ എക്സൈസ് ഡ്രൈവറായി ജോലി നോക്കിവരവേ 18/06/2020-ന് കോവിഡ് -19 ബാധിച്ച് മരണപ്പെട്ട സുനിൽ കെ പി -യുടെ സഹോദരൻ ശ്രീ സുമേഷ് കെ പി-യ്ക്ക് സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകളിൽ ഒന്നിൽ കണ്ണൂർ ജില്ലയിൽ ഒഴിവുള്ള പക്ഷം ടി ജില്ലയിലും അല്ലാത്തപക്ഷം പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 28 പ്രകാരം മറ്റേതെങ്കിലും ജില്ലയിൽ നിയമനം നൽകുന്നതിനും കണ്ണൂർ ജില്ലയിൽ ഒഴിവുണ്ടാകുന്ന സമയത്ത് ടിയാന് ടിയാന്റെ സീനിയോറിറ്റി നഷ്ടമാവാതെ കണ്ണൂർ ജില്ലയിലേക്ക് നിയമനം നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

6) അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, വൈദ്യ പരിശോധനാ റിപ്പോർട്ട് തുടങ്ങിയവ ഓരോ ജില്ലയിലും ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 5% മാത്രമേ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി മാറ്റി വയ്ക്കാവൂ എന്ന നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധിച്ച ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ സുമേഷ് കെ പി-യ്ക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

7) ശ്രീ സുമേഷ് കെ പി-യ്ക്ക് നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിലും, പരേതന്റെ സർവ്വീസിന്റെ അവസാനകാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ആയത് ഓഫീസ്/വകുപ്പ്

മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതല അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായോ മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ടിയാന് നിയമന ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ മുൻകൂട്ടി അറിയിക്കാതെ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1. ശ്രീ സുമേഷ് കെ പി, കിടാരൻപറമ്പത്ത്, കല്യാട്, ബ്ലാത്തൂർ, ഇരിട്ടി, കണ്ണൂർ-670593 (By Registered post with A.D)
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് /ഇ.ആർ.എസ്.എ) തിരുവനന്തപുരം.
5. ജില്ലാ കളക്ടർ, കണ്ണൂർ
6. വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ്
8. പൊതുവിദ്യാഭ്യാസ വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Reese. V. A

Date: 09-12-2024 10:38:55

സെക്ഷൻ ഓഫീസർ